## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.774** **30.01.2019 -ലെ മറുപടിക്ക്**

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനമാണ് അംബേദ്കർ ഗ്രാമം എന്ന പദ്ധതിയുടെ ലക്ഷ്യം. റോഡ്, കുടിവെള്ളം, വൈദ്യുതി, ഭവന നവീകരണം മുതലായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ഒരു കോടി രൂപയിൽ ഒതുങ്ങുന്ന പദ്ധതികൾ ആണ് നടപ്പാക്കുക. |
| (ബി) | സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ സമഗ്രവികസനം ഇതിലൂടെ എത്രമാത്രം സാധ്യമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നതേ ഉള്ളൂ. അന്തിമ വിലയിരുത്തൽ നടത്തിയിട്ടില്ല. 40 പട്ടികജാതി കുടുംബങ്ങളെങ്കിലുമുള്ള സങ്കേതങ്ങളെയാണ് അംബേദ്കർ ഗ്രാമം പദ്ധതി ലക്ഷ്യമിടുന്നത്. കോർപസ് ഫണ്ട് ഉപയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ SCSP യിലും സമാന പദ്ധതികൾ നടപ്പാക്കാവുന്നതാണ്. |
| (സി) | പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമായിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | ഉണ്ട് |

| | | | |
|---|---|---|---|
| (ഡി) | 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി എത്ര തുക അനുവദിച്ചുവെന്നും, അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | ഡി) | 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി അഡ്വാൻസ് ആയി 43 കോടി രൂപ അനുവദിച്ചു. പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ ലഭിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ